(ബി) പി. എസ്. സി. പരീക്ഷ എഴുതി ലിസ്റ്റിൽ ഉൾപ്പെട്ട ഇവരെ എംപാനൽ എന്ന രീതിയിൽ ജോലി ചെയ്യിച്ചു മറ്റുള്ളവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് ന്യായമാണെന്ന് കരുതുന്നുണ്ടോ;

(സി) ഇവർക്ക് മറ്റു കണ്ടക്ടർമാർക്ക് നൽകിവരുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പി. എസ്. സി. ലിസ്റ്റിൽനിന്നും നിയമിച്ച എംപാനൽ കണ്ടക്ടർമാർക്ക് ഒരു ഡ്യൂട്ടിക്ക് 100 രൂപ ക്രമത്തിലാണ് വേതനം നൽകുന്നത്. സ്ഥിരം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളൊന്നും ഇവർക്ക് അനുവദിച്ചിട്ടില്ല.

(ബി) ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി മുൻപാകെ നിലവിലുള്ള ഒ. പി. നം. 37878/01-ലെ ഇടക്കാല വിധി (സി. എം. പി. നം. 62078/01-ലെ ഉത്തരവനുസരിച്ച്) അനുസരിച്ചാണ് ഇവരെ എംപാനൽ വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്നത്.

(സി) കേരളാ ഹൈക്കോടതിയിൽ നിലവിലുള്ള ഒ. പി. നം. 37878/01-ലെ അന്തിമ വിധിയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കാസർഗോഡ് കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ കട്ടപ്പുറത്തുള്ള ബസ്സുകൾ നിരത്തിലിറക്കാൻ അടിയന്തിര നടപടി

125 [3530] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിലവിൽ പ്രതിദിനം എത്ര ഷെഡ്യൂളുകളാണ് സർവ്വീസ് നടത്തിവരുന്നത്;

(ബി) പ്രസ്തുത ഡിപ്പോയിൽ ആകെ എത്ര ബസ്സുകൾ സർവ്വീസിന് ഉപയോഗിക്കുന്നുണ്ട്; എത്ര ബസ്സുകൾ ഗതാഗതയോഗ്യമല്ലാതെയുണ്ട്; വിശദവിവരം നൽകുമോ;

(സി) ബസ്സുകൾ കട്ടപ്പുറത്തുള്ളതുകാരണം ഷെഡ്യൂളുകൾ നിർത്തലാക്കേണ്ടി വന്നിട്ടുണ്ടോ;

(ഡി) ഇത്തരം കട്ടപ്പുറത്തുള്ള ബസ്സുകൾ നിരത്തിലിറക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 72 ഷെഡ്യൂളുകൾ.

(ബി) എൺപത്തിയഞ്ച് ബസ്സുകൾ സർവ്വീസിന് ഉപയോഗിക്കുന്നുണ്ട്. ഗതാഗതയോഗ്യമല്ലാത്ത ബസ്സുകൾ ഒന്നുമില്ല. എന്നാൽ വീക്കിലി/മന്ത്‌ലി അറ്റകുറ്റപ്പണികൾക്ക് വണ്ടികൾ ഡോക്കു ചെയ്യാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്ഥിരമായി സർവ്വീസുകൾ നിർത്തലാക്കേണ്ടിവന്നിട്ടില്ല.

(ഡി) ഡോക്കു ചെയ്ത ബസ്സുകൾ പുറത്തിറക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ നിർത്തലാക്കിയ ബസ് സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി

126 [3531] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ സർവ്വീസ് നടത്തിയിരുന്ന പാലക്കാട്-പെരിന്തൽമണ്ണ-കാളികാവ്, കാഞ്ഞിരപ്പുഴ-മണ്ണാർക്കാട്-പെരിന്തൽമണ്ണ, കണ്ണന്നൂർ-ആനക്കട്ടി-കോയമ്പത്തൂർ, ഏർവാടി-മധുര-കോഴിക്കോട്, പാലക്കാട്-മുക്കാലി എന്നീ സർവ്വീസുകൾ കെ. എസ്. ആർ. ടി. സി. നിർത്തലാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബസ് സർവ്വീസുകൾ പുനരാംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വരുമാനക്കുറവ് കാരണമാണ് ടി സർവ്വീസുകൾ നിർത്തലാക്കിയത്. എന്നാൽ പാലക്കാട്-പെരിന്തൽമണ്ണ റൂട്ടിൽ കെ. എസ്. ആർ. ടി. സി. ചെയിൻ സർവ്വീസുകൾ നടത്തുന്നുണ്ട്. അതുകൊണ്ട് നിർത്തലാക്കിയ സർവ്വീസുകൾ പുനഃസ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

പുതൂർ പഞ്ചായത്തിലേക്ക് കെ. എസ്. ആർ. ടി. സി. മിനി ബസ് അനുവദിക്കാൻ നടപടി

127 [3532] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ പുതൂർ പഞ്ചായത്തിലേക്ക് കെ. എസ്. ആർ. ടി. സി. മിനി ബസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ ഇത് എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഇതിന്റെ സാദ്ധ്യത പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly